ഉന്നതാധികാരക്കമ്മിറ്റിയെ നിയമിക്കുകയും പ്രസ്തുത കമ്മിറ്റി ഇക്കാര്യത്തിൽ പഠനം നടത്തി വരികയുമാണ്. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം ഇക്കാര്യത്തിൻമേൽ ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

(സി) തടവുകാർക്ക് അടിയന്തിര പരോൾ നീട്ടിക്കൊടുക്കുന്നതു സംബന്ധിച്ച് വ്യക്തമായ മാർഗ്ഗരേഖയുണ്ടാക്കണമെന്ന് ബഹു. ഹൈക്കോടതിയുടെ 400/2001 എന്ന 4-6-2002-ലെ വിധി ന്യായത്തിൽ ഉത്തരവായിട്ടുണ്ട്.

(ഡി) ജയിൽ സൂപ്രണ്ട് നല്കിവരുന്ന അടിയന്തിര അവധി ഉൾപ്പെടെ പര മാവധി 10 ദിവസം വരെ വകുപ്പുതലത്തിൽ അവധി ദീർഘിപ്പിച്ചു നൽകുന്നുണ്ട്. ഉന്നതാധികാര കമ്മിറ്റിയുടെ നിർദ്ദേശം ലഭിച്ച ശേഷം സർക്കാർ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

തടവുകാർക്ക് അനുവദിക്കുന്ന പരോൾ

82 (3036) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഏപ്രിൽ വരെ ആഭ്യന്തര വകുപ്പിൽ നിന്നും ജയിലിലെ തടവുകാർക്ക് പരോൾ അനുവദിച്ചു കൊണ്ട് എത്ര ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട് ;

(ബി) ഇതിൽ പ്രത്യേക കേസായി പരിഗണിച്ച് പരോൾ നൽകിയ ഉത്തരവുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ആകെ 1490 ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 4-6-2002-ലെ കോടതി നിർദ്ദേശത്തിനുശേഷം 4(നാല്) പേർക്ക് പരോൾ നീട്ടികൊടുത്തുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്. ഏറ്റവും അടുത്ത ബന്ധുക്കളുടെ മരണം, പ്രകൃതിക്ഷോഭംമൂലമുണ്ടായ ഭവന നാശം എന്നീ കാരണങ്ങൾ കൊണ്ടാണ് പ്രത്യേക കേസ് ആയി ഈ പരോളുകൾ അനുവദിച്ചത്.

പരോളിൽ ഇറങ്ങി കുറ്റകൃത്യങ്ങൾ ചെയ്തവർ

83 (3037) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പരോളിൽ ഇറങ്ങിയ എത്രപേരെ കുറ്റകൃത്യങ്ങൾ ചെയ്തതിന് അറസ്റ്റ് ചെയ്തതെന്ന് വ്യക്തമാക്കാമോ ;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly